# **കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

## **തിരുത്തൽ വിജ്ഞാപനം**

നമ്പർ .GR6-2/1/2025-KPSC തിരുവനന്തപുരം,2025 നവംബർ 28

ആരോഗ്യ വകുപ്പിലെ മോർച്ചറി ടെക്നീഷ്യൻ ഗ്രേഡ് - II (ഒന്നാം എൻ.സി.എ. - ഈഴവ/തിയ്യ/ബില്ലവ, പട്ടിക ജാതി, മുസ്ലീം) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 15/10/2025 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 391/2025-393/2025 പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന വിജ്ഞാപനത്തിന്റെ മലയാളം പതിപ്പിൽ കുറിപ്പ് (d)-യ്ക്ക് താഴെ ചേർത്തിട്ടുള്ള പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക താഴെപ്പറയും പ്രകാരം പരിഷ്കരിച്ച് വിജ്ഞാപനം ചെയ്യുന്നു.

## **പരിചയ സർട്ടിഫിക്കറ്റ്**

സ്ഥാപനത്തിന്റെ പേര് :

[കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ ,

(പ്രതിരോധ മേഖല /റെയിൽവേ / ഇ.എസ്. ഐ /

സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളുടെ ആശുപത്രികൾ

ഉൾപ്പെടെ)]

രജിസ്റ്റർ നമ്പർ :

രജിസ്റ്റർ ചെയ്ത തീയതി :

ശ്രീ/ശ്രീമതി (ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) ........................................................................................................................................................ ... മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ മോർച്ചറി ടെക്നീഷ്യൻ ആയി സ്ഥിരം/ താൽക്കാലികം/ അപ്രന്റീസ് / കാഷ്വൽ ലേബർ ആയി .....................................രൂപ മാസ/ദിവസ ശമ്പളത്തിൽ ............................തീയതി മുതൽ .........................തീയതി വരെ ...................വർഷം...............മാസം.....................ദിവസം (DD/MM/YYYY മാതൃകയിൽ) ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഈ സ്ഥാപനം ഒരു കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനം/ പ്രതിരോധ മേഖല /റെയിൽവേ /കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണാവകാശമുള്ള സ്ഥാപനം ആണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
പേര്,ഒപ്പ്( തീയതി സഹിതം )
ഔദ്യോഗിക പദവി
സ്ഥാപനത്തിന്റെ പേര്

സ്ഥലം :
തീയതി :

(ഓഫീസ് സീൽ)

## <u>സാക്ഷ്യ പത്രം</u>

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ശ്രീ/ശ്രീമതി ................................................................................ ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ മോർച്ചറി ടെക്നീഷ്യൻ ആയി ജോലിചെയ്തിരുന്നു / ജോലി ചെയ്തു വരുന്നുവെന്ന് . . . . . . . . . . . . . ചട്ടത്തിൽ / നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട . . . . . . . . . . . . . . . . . . . . രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

ഞാൻ കേരള / കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ................................................................... എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധിക്കാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

**ചട്ടപ്രകാരം/ നിയമപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ**
**സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ**
**ഉദ്യോഗസ്ഥന്റെ തീയതി സഹിതമുള്ള ഒപ്പ് , പേര് ,**
**ഉദ്യോഗപ്പേര്, ഓഫീസ്**

സ്ഥലം :
തീയതി :

**(ഓഫീസ് സീൽ)**

പ്രസ്തുത വിജ്ഞാപനം മേൽപ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു. വിജ്ഞാപനത്തിലെ (കാറ്റഗറി നമ്പർ 391/2025–393/2025) മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

(കമ്മീഷൻ ഉത്തരവിൻ പ്രകാരം)

**സാജു ജോർജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**